# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1566      03.05.2017 ൽ മറുപടിയ്ക്ക്

## പീഡനകേസുകൾ പെരുകുന്ന സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പീഡനകേസുകൾ പെരുകുന്നുവെന്ന സംഭ്രമജനകമായ സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പീഡനകേസുകൾ റിപ്പോർട്ടാകുന്നതിൽ സംഭ്രമജനകമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വാളയാർ, കുണ്ടറ, വാഴമുട്ടം പീഡനകേസുകളിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വാളയാർ, കുണ്ടറ എന്നീ സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്ത പീഡനകേസുകൾ കൈകാര്യം ചെയ്തത് സംബന്ധിച്ച് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഴമുട്ടത്ത് നടന്ന സംഭവത്തിൽ കേസ് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംഭവങ്ങൾ വിവാദമാകുമ്പോൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ എസ്.ഐ/സി.ഐ. മാരെ സസ്പെന്റ് ചെയ്ത് ഉന്നത പോലീസുദ്യോഗസ്ഥർ രക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേസുകൾ കൈകാര്യം ചെയ്തതിൽ വീഴ്ച വരുത്തിയ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരായാലും കർശന ശിക്ഷാ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ വിവാദമാകുന്ന സംഭവങ്ങളിൽ മാത്രമാണ് നടപടി സ്വീകരിക്കുന്നത് എന്ന നിലപാട് സർക്കാരിനില്ല. എല്ലാ കുറ്റകൃത്യങ്ങളേയും ഗൗരവമായി തന്നെയാണ് വീക്ഷിക്കുന്നതും നടപടി സ്വീകരിക്കുന്നതും. |
| (ഡി) | മിക്ക കേസുകളിലും ഇരകൾ ദുർബലവിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരായതുകൊണ്ടാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉദാസീനമായ സമീപനം | (ഡി) | പോലീസ് കേസ് അന്വേഷിക്കുമ്പോൾ ഇരകളുടെയോ കുറ്റക്കാരുടെയോ സാമ്പത്തികമോ മറ്റ് സ്വാധീനങ്ങളോ പരിഗണിക്കാറില്ല. കുറ്റക്കാരെന്ന് |

ഉണ്ടാകുന്നതെന്നത് വസ്തുതയാണോ;

അന്വേഷണത്തിൽ കണ്ടെത്തുന്നവർക്ക് പരമാവധി ശിക്ഷ ലഭിക്കുന്ന തരത്തിലുള്ള നിയമ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്.

(ഇ) ഇത്തരം കേസുകളിൽ പരാതി ശ്രദ്ധയിൽപെടുമ്പോൾ തന്നെ അന്വേഷിക്കുവാൻ ഉന്നത തലത്തിലുള്ള പോലീസുദ്യോഗസ്ഥർ ഉൾപ്പെടുന്ന വിദഗ്ധ ടീമിനെ നിയോഗിക്കുവാനും, കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഇ) കേസുകളുടെ പ്രാധാന്യം അനുസരിച്ച് കേസുകൾ അന്വേഷിക്കാൻ പ്രത്യേക ടീമിനെ നിയോഗിക്കുകയോ ക്രൈംബ്രാഞ്ചിന് കൈമാറുകയോ ചെയ്യുകയാണ് ചെയ്യുന്നത്. തുടർന്നും കേസുകളുടെ സ്വഭാവം കണക്കിലെടുത്ത് ശക്തമായ അന്വേഷണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.